**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 358** **05-12-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ മിനി സിവിൽ സ്റ്റേഷന് കെട്ടിട നമ്പർ അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.വി.അൻവർ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ നഗരസഭാ പരിധിയിൽ നിർമ്മിച്ച നിലമ്പൂർ മിനി സിവിൽ സ്റ്റേഷന് നഗരസഭ കെട്ടിട നമ്പർ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് അനുവദിച്ചതെന്നും ഇല്ലെങ്കിൽ നമ്പർ അനുവദിക്കാത്തതിനുള്ള കാരണവും വിശദമാക്കുമോ; | (എ) | ഇല്ല. പ്രസ്തുത മിനി സിവിൽ സ്റ്റേഷന് കെട്ടിട നമ്പർ അനുവദിക്കുവാനായി സമർപ്പിച്ച അപേക്ഷയോടൊപ്പമുള്ള പ്ലാനിൽ മലപ്പുറം ജില്ലാ ടൗൺ പ്ലാനർ ചൂണ്ടിക്കാട്ടിയ ന്യൂനതകൾ എല്ലാം പരിഹരിക്കാൻ കഴിയാത്തതിനാൽ കേരളാ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടാനുസരണം സർക്കാരിന്റെ ഇളവിനായുള്ള പ്രൊപ്പോസൽ നഗരസഭ, നഗരകാര്യ ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ആയത് നഗരകാര്യ ഡയറക്ടർ ശുപാർശ സഹിതം സർക്കാരിൽ ലഭ്യമാക്കിയാൽ മാത്രമേ ഇളവനുവദിക്കുന്ന വിഷയം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത മിനി സിവിൽ സ്റ്റേഷന് കെട്ടിട നമ്പർ അനുവദിക്കുന്നതിന് ആരാണ് നിലമ്പൂർ നഗരസഭയിൽ അപേക്ഷ സമർപ്പിച്ചതെന്നും ഏത് തീയതിയിലാണ് പ്രസ്തുത അപേക്ഷ നൽകിയതെന്നും അറിയിക്കാമോ; | (ബി) | 18/06/2020 ൽ നിലമ്പൂർ തഹസിൽദാർ ആണ് നിലമ്പൂർ നഗരസഭയിൽ ക്രമവൽക്കരണത്തിനായി അപേക്ഷ സമർപ്പിച്ചത്. |
| (സി) | നിലമ്പൂർ മിനി സിവിൽ സ്റ്റേഷന് കെട്ടിട നമ്പർ അനുവദിക്കുന്നതിന് അപേക്ഷയിലോ പ്ലാനിലോ മാറ്റം വരുത്തേണ്ടതുണ്ടെന്ന് നിലമ്പൂർ നഗരസഭ കണ്ടെത്തിയിട്ടുണ്ടോ; എന്തെല്ലാം ന്യൂനതകളാണ് പരിഹരിക്കേണ്ടതായിട്ടുള്ളതെന്നും ഇക്കാര്യം അപേക്ഷകനെ എന്നാണ് അറിയിച്ചതെന്നും വ്യക്തമാക്കാമോ; | (സി) | ഉണ്ട്. ചുവടെ സൂചിപ്പിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനായി 08/04/22 തീയതിയായി നിലമ്പൂർ തഹസിൽദാർക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്.<br><br>**1.** കെ.എം.ബി.ആർ റൂൾ 34 പ്രകാരം ആവശ്യമായ പാർക്കിങ് ലഭ്യമല്ല.<br><br>**2.** കെ.എം.ബി.ആർ റൂൾ 54 ടേബിൾ 9 പ്രകാരം ആവശ്യമായ സാനിറ്ററി സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.<br><br>**3.** കെ.എം.ബി.ആർ റൂൾ 40(എ) പ്രകാരം differently abled person ന വേണ്ട സൗകര്യങ്ങൾ ഏർപ്പെട്ട ത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| | | | **4.** കെ.എം.ബി.ആർ റൂൾ 45 പ്രകാരം ആവശ്യമായ സ്റ്റെയർ എക്സിറ്റ് വിഡ്ത് ലഭ്യമല്ല.<br>ഇവ കൂടാതെ ടി കെട്ടിടത്തിന് ഫയർ NOC ഇതുവരേയും ലഭിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത ഫയലിൽ നഗരസഭ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ; ഉദ്ഘാടനം കഴിഞ്ഞ് 20 മാസത്തോളമായിട്ടും കെട്ടിട നമ്പർ അനുവദിക്കാത്തതു കാരണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 15 സർക്കാർ ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റാനാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എന്നത്തേക്ക് കെട്ടിട നമ്പർ നൽകാനാകുമെന്ന് അറിയിക്കുമോ? | (ഡി) | നിലമ്പൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണാനുമതിക്കായി 18/06/2020ന് നിലമ്പൂർ തഹസിൽദാർ 1 സൈറ്റ് പ്ലാൻ സഹിതം നഗരസഭയിൽ അപേക്ഷ സമർപ്പിച്ചു. നിർമ്മാണം അന്തിമ ഘട്ടത്തിലെത്തി നിൽക്കുന്ന സിവിൽ സ്റ്റേഷൻ കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിന് സൈറ്റ്, സർവീസ്, പാർക്കിങ് പ്ലാനുകളുടെ 3 സെറ്റ് സമർപ്പിക്കണമെന്ന് 07/07/2020ന് അറിയിപ്പ് നൽകി. ആയതിന് മറുപടിയായി 02/12/2021ന് തഹസിൽദാറിൽ നിന്നും ലഭിച്ച കത്തിൽ സൈറ്റ്, സർവീസ്, പാർക്കിങ് പ്ലാനുകൾ ഉൾപ്പെടുത്തി 15/07/2021 ന് പ്ലാൻ PWD നിലമ്പൂർ ഡിവിഷനിലേക്ക് അയച്ചതായി അറിയിപ്പ് ലഭിച്ചതിനെത്തുടർന്ന്, ടി പ്ലാൻ, രേഖകൾ സഹിതം, ടി കെട്ടിടത്തിന്റെ വിസ്തൃതി 5195.63 $m^2$ വരുന്നതിനാൽ ജില്ലാ ടൗൺ പ്ലാനിങ്ങിൽ നിന്നും ലേ ഔട്ട് അപ്രൂവൽ ലഭ്യമാക്കേണ്ടതിനാൽ കൃത്യവും വ്യക്തവുമായ പ്രിന്റ് സഹിതം നഗരസഭയിൽ ലഭ്യമാക്കണമെന്ന് അറിയിച്ച് 29/12/2021ന് കത്ത് നൽകി. ആയത് പ്രകാരം 12/01/22 ന് ലഭിച്ച പ്ലാൻ അപ്രൂവലിനായി 19/01/22ന് മലപ്പുറം ജില്ലാ ടൗൺ പ്ലാനർക്ക് സമർപ്പിക്കുകയും ആയതിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കണമെന്ന് അറിയിച്ച് 18/03/22 ന് DTPയിൽ നിന്നും കത്ത് ലഭിക്കുകയും, പ്രസ്തുത കത്തിൽ സൂചിപ്പിച്ച ന്യൂനതകൾ പരിഹരിക്കുന്നതിന് 08/04/22ന് തഹസിൽദാർക്ക് അറിയിപ്പ് നൽകിയിട്ടുള്ളതുമാണ്. ആയതിന് മറുപടി ഒന്നും ലഭ്യമാവാത്തതിനാൽ, 20/06/22ന് ലിഫ്റ്റ് NOC അനുവദിച്ച കൊണ്ട് നൽകിയ സർട്ടിഫിക്കറ്റിൽ, മേൽ ന്യൂനതകൾ പരിഹരിക്കണമെന്ന കാര്യം വീണ്ടും സൂചിപ്പിക്കുകയുണ്ടായി. ന്യൂനതകൾ പരിഹരിക്കുന്നതിനായി അസി. എഞ്ചിനീയർ, പി.ഡബ്ല്യൂഡി ബിൽഡിങ് മലപ്പുറം സെക്ഷന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന് 29/06/22 ലെ തഹസിൽദാരുടെ കത്തിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. പിന്നീട് 22/07/22 ലെ തഹസിൽദാരുടെ കത്തിന്റെയും കത്തിൽ ഉള്ളടക്കം ചെയ്ത സ്പെഷ്യൽ ബിൽഡിങ് സെക്ഷൻ, പൊതുമരാമത്ത് മലപ്പുറം അസി. എൻജിനീയറുടെ കത്തിന്റെയും അടിസ്ഥാനത്തിൽ, ടി ന്യൂനതകൾ |

| | | | |
|---|---|---|---|
| | | | പരിഹരിക്കാനാവാത്തതിനാൽ, 07/11/22ന് മിനി സിവിൽ സ്റ്റേഷൻ കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള ഇളവുകൾ, സർക്കാരിൽ നിന്നും ലഭിക്കുന്നതിനായി നഗരസഭ, നഗരകാര്യ ഡയറക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതാണ്. ആയത് നഗരകാര്യ ഡയറക്ടറുടെ ശുപാർശ സഹിതം സർക്കാരിൽ ലഭ്യമാക്കിയാൽ മാത്രമേ കെട്ടിട നിർമ്മാണ ചട്ടാനുസരണമുള്ള ഇളവനുവദിക്കുന്ന വിഷയം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ